

# മാലിന്യസംസ്കരണത്തിന്
# ഒരു പുനരാലോചന
# മാലിന്യസംസ്കാരത്തിന്
# ഒരു മറുപടി

ലാലൂർ മാലിന്യ പ്രശ്നത്തിന് പരിഹാരവുമായി ലാലൂർ മാതൃകാ പദ്ധതി (Laloor Model Project-LAMP) നടപ്പിലാക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. പതിറ്റാണ്ടുകളായി നഗരമലിന്യം പേറിയ ഒരു ഗ്രാമത്തിന് ഇതോടെ ശാപമോക്ഷം കിട്ടുമോ?

ലാലൂർ സമരനേതാവ്
**ടി.കെ. വാസു**
സംസാരിക്കുന്നു.

**ലാലൂർ മോഡൽ പ്രോജക്ട് സമരപ്രവർത്തകർക്ക് സ്വീകാര്യമാണോ? പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കാൻ പോകുന്നത് ?**

ലാലൂർ മോഡൽ പ്രൊജക്ട് ശരിയായ രീതിയിൽ നടപ്പിലാക്കുകയാണെങ്കിൽ ഫലമുണ്ടാകും. പദ്ധതിയുടെ ആദ്യഘട്ടമായി ലാലൂരിലെ മാലിന്യമല നീക്കാനുള്ള പരിപാടികളാണ് ആദ്യം നടത്തുന്നത്. മാലിന്യങ്ങൾ അരിച്ച് മണ്ണ് വേർതിരിക്കും. കരിങ്കൽ ക്വാറികളിലെ വലിയ കുഴികൾ നികത്തിയെടുക്കാനായാണ് ഈ മണ്ണ് ഉപയോഗിക്കുന്നത്. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന നഴ്സറികൾക്കും ഈ മണ്ണ് വിതരണം ചെയ്യും. കുണ്ടുകാട് പ്രദേശത്ത് ഫോറസ്റ്റിന്റെ വലിയ ക്വാറി മണ്ണ് നിറയ്ക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. അതിന് സമീപമുള്ള ഒരു സ്വകാര്യവ്യക്തിയുടെ ക്വാറിയിലും മണ്ണ് നിറയ്ക്കും. ലാലൂരിലെ മണ്ണ് മതിയാകില്ല ആ ക്വാറികൾ നിറയ്ക്കാൻ. അത്രയ്ക്കും വലിയ കുഴികളാണവിടെയുള്ളത്. പത്തിയൂർ ഗോപിനാഥിനോടൊപ്പം ഞാനും ആ സ്ഥലങ്ങൾ സന്ദർശിച്ച് വിലയിരുത്തിയിരുന്നു. മൂന്നു കൊല്ലമാണ് ലാലൂരിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വികേന്ദ്രീകൃതമായി മാലിന്യം സംസ്കരിക്കുന്നതിനുള്ള കൂടുതൽ കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പനംകുറ്റിച്ചിറ, ശക്തൻമാർക്കറ്റ്, കോലോത്തുംപാടം, ലാലൂർ, മാടക്കത്തറ, വിയ്യൂർ ജയിൽ എന്നീ സ്ഥലങ്ങളാണ് പ്രദേശിക സംസ്കരണകേന്ദ്രങ്ങളായി കണ്ടെത്തിയിരിക്കുന്നത്.

**ലാലൂർ മോഡൽ പ്രോജക്ടിനെ ലാലൂർ സമരം മുന്നോട്ട് വച്ചിരുന്ന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി എങ്ങിനെയാണ് വിലയിരുത്തുന്നത്?സമരത്തിന്റെ ലക്ഷ്യപ്രാപ്തിയായി ഈ പദ്ധതിയെ കണക്കാക്കുമോ?**

സമരത്തിന്റെ പല ഘട്ടങ്ങളിലും ലാലൂർ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു

പാട് പദ്ധതികൾ അധികൃതർ മുന്നോട്ട് വച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ പദ്ധതികളൊന്നും ശരിയായ രീതിയിൽ നടപ്പിലാക്കാൻ ഭരണാധികാരികൾക്കോ ഉദ്യോഗസ്ഥന്മാർക്കോ കഴിഞ്ഞിട്ടില്ല. അവരുടെ കഴിവില്ലായ്മയും ഇച്ഛാശക്തിയുടെ കുറവുമാണ് അതൊന്നും നടക്കാതെ പോകാൻ കാരണം. 1997 –ൽ ആരംഭിച്ച സമരം 2001–ൽ അവസാനിപ്പിക്കുമ്പോൾ ജൈവവള നിർമ്മാണമെന്ന പദ്ധതിയാണ് മുന്നോട്ടു വച്ചിരുന്നത്. ജൈവവള നിർമ്മാണ പ്ലാന്റ് ഉപകാരപ്രദമാകുമെന്ന് സമരസമിതി പ്രതീക്ഷിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ നിർവ്വഹണം എങ്ങിനെയാണെന്ന് ഞങ്ങൾക്ക് അറിവുണ്ടായിരുന്നില്ല. അലക്ഷ്യമായി മാലിന്യങ്ങൾ ലാലൂരിൽ നിക്ഷേപിക്കുന്നതിന് കുറവുണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ ജൈവവള നിർമ്മാണ പ്ലാന്റ് പൂർണ്ണപരാജയമായിരുന്നു. പ്രാദേശികമായി മാലിന്യങ്ങൾ തരംതിരക്കാനുള്ള സംവിധാനം അന്നുണ്ടായിരുന്നില്ല. എല്ലാ മാലിന്യങ്ങളും ഒരുമിച്ച് അവിയൽ രൂപത്തിലായിരുന്നു ലാലൂരിൽ എത്തിയിരുന്നത്. അതൊരിക്കലും വളമാക്കിമാറ്റാൻ പറ്റിയില്ല. ജൈവവള നിർമ്മാണ പ്ലാന്റിന്റെ പരാജയത്തിന് പ്രധാന കാരണം അതായിരുന്നു.

എന്നാൽ മാലിന്യങ്ങൾ തരംതിരിക്കണമെന്ന കാര്യം പുതിയ പദ്ധതികൾ വ്യക്തമാക്കുന്നുണ്ട്. കോർപ്പറേഷന്റെ 55 വീടുകളിൽ നിന്നുതന്നെ ഇതിന്റെ ബോധവത്ക്കരണം ആരംഭിക്കുന്നുണ്ട്. വീടുകളിൽ സംസ്കരിക്കാൻ കഴിയുന്ന ജൈവമാലിന്യങ്ങൾ അവിടെതന്നെ സംസ്കരിക്കണം.അവർക്ക് സംസ്കരിക്കാൻ കഴിയാത്തവ വേർതിരിച്ച് പ്രാദേശിക സംഭരണ ശാലകളിൽ എത്തിക്കുന്നു. എല്ലാ മാലിന്യങ്ങളും ഒരുമിച്ച് കെട്ടി കുടുംബശ്രീയെ ഏൽപ്പിക്കുന്ന രീതി ഇല്ലാതെയാകും. നവംബർ ഒന്നുമുതൽ അതിന്റെ ബോധവത്കരണ പരിപാടികൾ ആരംഭിക്കും. പ്രാദേശിക സംഭരണ ശാലകളിൽ നിന്നും ആറ് കേന്ദ്രങ്ങളിലേക്കാണ് ജൈവമാലിന്യങ്ങൾ കൊണ്ടുപോകുന്നത്. അവിടെ വെച്ചാണ് അത് കമ്പോസ്റ്റാക്കി മാറ്റുന്നത്. ആ കമ്പോസ്റ്റ് കാർഷികമേഖലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനവും ഒരുക്കും. ലാലൂർ മോഡൽ പ്രോജക്ടിൽ എവിടെയും ദുരൂഹതകളില്ല. വളരെ തുറന്നുതന്നെ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**ലാലൂർ സമരത്തെ തുടർന്ന് കോർപ്പറേഷൻ പദ്ധതി നടപ്പിലാക്കി. മുഖ്യമന്ത്രി അതിന് താത്പര്യമെടുത്തു. ഇതൊക്കെയാണെങ്കിലും പദ്ധതിയോടുള്ള രാഷ്ട്രീയക്കാരുടെ ഒരു പൊതുസമീപനം എങ്ങിനെയാണ്? പ്രത്യേകിച്ച് ലാലൂർ സമരത്തിനോട് ഐക്യദാർഢ്യം കാണിക്കാതിരുന്നവരാണ് മിക്കവരും?**

ലാലൂർ മാതൃകാ പദ്ധതിയോട് രാഷ്ട്രീയക്കാർ താത്പര്യം കാണിക്കാത്തതിന്റെ മുഖ്യകാരണം അഴിമതിയാണ്. കേന്ദ്രീകൃത മാലിന്യസംസ്കരണം അഴിമതിക്കുള്ള ഒരുപാട് സാധ്യതകൾ അവർക്ക് നൽകിയിരുന്നു. ലാലൂരിലേക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് മൂന്ന് ലക്ഷം രൂപയാണ് കോർപ്പറേഷൻ വാടക ഇനത്തിൽ ചിലവാക്കിയിരുന്നത്. മാലിന്യസംസ്കരണ കരാറുകാരൻ, ലോറി



**ലാലൂർ മാതൃകാ പദ്ധതിയോട് രാഷ്ട്രീയക്കാർ താത്പര്യം കാണിക്കാത്തതിന്റെ മുഖ്യകാരണം അഴിമതിയാണ്. കേന്ദ്രീകൃത മാലിന്യസംസ്കരണം അഴിമതിക്കുള്ള ഒരുപാട് സാധ്യതകൾ അവർക്ക് നൽകിയിരുന്നു. ലാലൂരിലേക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് മൂന്ന് ലക്ഷം രൂപയാണ് കോർപ്പറേഷൻ വാടക ഇനത്തിൽ ചിലവാക്കിയിരുന്നത്. മാലിന്യസംസ്കരണ കരാറുകാരൻ, ലോറി കോൺട്രാക്ടർ, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇവരെല്ലാം ഒത്തുചേർന്ന് ഇതിൽ തിരിമറി നടത്തിയിരുന്നു. എന്നാൽ വികേന്ദ്രീകൃത സംസ്കരണം വരുന്നതോടെ അഴിമതിക്കുള്ള സാധ്യതകൾ കുറയുന്നു.**

കോൺട്രാക്ടർ, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇവരെല്ലാം ഒത്തുചേർന്ന് ഇതിൽ തിരിമറി നടത്തിയിരുന്നു. എന്നാൽ വികേന്ദ്രീകൃത സംസ്കരണം വരുന്നതോടെ അഴിമതിക്കുള്ള സാധ്യതകൾ കുറയുന്നു. അതാണ് കോർപ്പറേഷനിലെ ഭരണപ്രതിപക്ഷ പാർട്ടികൾക്ക് പുതിയ പദ്ധതിയോട് താത്പര്യമില്ലാത്തതിന് കാരണം.

**മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ഒരു മാതൃകാ പദ്ധതിക്ക് വഴിയൊരുക്കിയ ലാലൂർ സമരസമിതിക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാമാണ് ചെയ്യാനുള്ളത്?**

കേന്ദ്രീകൃതമാലിന്യസംസ്കരണം തെറ്റാണെന്ന് പൊതുസമൂഹത്തേയും ഭരണസംവിധങ്ങളേയും ബോധ്യ

## ലാലൂർ പദ്ധതി ദേശീയശ്രദ്ധ നേടും: മേയർ ബിന്ദു

കാലങ്ങളായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന ലാലൂർ മാലിന്യസംസ്കരണ പദ്ധതി വിശദചർച്ചയ്ക്കു വിധേയമാക്കി നടപ്പാക്കാനുള്ള ആർജ്ജവം കോർപ്പറേഷൻ കാട്ടി. മുൻ ഭരണസമിതികൾ തൊടാൻ മടിച്ച പദ്ധതി ഏറെ പ്രതിസന്ധികൾ തരണം ചെയ്തു നടപ്പാക്കാനുള്ള വഴി തുറന്നു. ഒക്ടോബർ രണ്ടുമുതൽ പദ്ധതിയുടെ ബോധവൽക്കരണം തുടങ്ങുകയാണ്. കാർഷിക സർവകലാശാലയുമായി കരാറിലേർപ്പെട്ട് പദ്ധതി നടത്തിപ്പിന് ഒന്നാം ഗഡുവായി 94 ലക്ഷം രൂപ കൈമാറി. ലാലൂർ പദ്ധതി അട്ടിമറിക്കാൻ വിവിധ തലങ്ങളിൽ നിന്ന് സംഘടിത നീക്കമാണുണ്ടായത്.എല്ലാ പ്രശ്നങ്ങളും നേരിട്ട് ഇച്ഛാശക്തിയോടെ ലാലൂർ പദ്ധതി നിർവഹണ ഉദ്ഘാടനം നടത്തി. ദേശീയശ്രദ്ധ നേടുന്ന പദ്ധതിയാകും ലാലൂർ എന്ന് ഉറപ്പാണ്.

പ്പെടുത്താൻ ലാലൂർ സമരസമിതിക്ക് കഴിഞ്ഞു. സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. ഇനിയാണ് സമരസമിതിക്ക് നിർണ്ണായകമായ പങ്കുള്ളത്. ഡോ. പത്തിയൂർ ഗോപിനാഥിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകേണ്ടത് സമരസമിതിയുടെ ധാർമ്മികമായ കടമയാണ്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയിൽ സമരപ്രവർത്തകരെ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കാണ് ഞങ്ങൾക്ക് പ്രധാനമായും പിന്തുണ നൽകാൻ കഴിയുന്നത്. ജാഗ്രതാ സമിതിപോലെ പ്രവർത്തിച്ച് കവറിൽ മാലിന്യങ്ങൾ ഒരുമിച്ച് കെട്ടി റോഡിൽ തട്ടുന്ന പരിപാടി കൃത്യമായി തടയാൻ സമരസമിതി സഹായിക്കും.

**വർഷങ്ങളുടെ സമരത്തെ തുടർന്നാണ് പദ്ധതി നടപ്പിലാക്കിയതെങ്കിലും വാസുവേട്ടന്റെ അനിശ്ചിതകാല സത്യാഗ്രഹം പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ ഇല്ലാതാക്കുകയും നടത്തിപ്പ് വേഗത്തിലാക്കുകയും ചെയ്തു. സത്യാഗ്രഹത്തിന് പിന്തുണ ലഭിച്ചിരുന്നോ?**

പദ്ധതി നടപ്പിലാക്കേണ്ടത് കൂട്ടായ ഒരു സാമൂഹിക ഉത്തരവാദിത്തമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള പിന്തുണ സാമൂഹിക സംഘടനകളുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. മുൻധാരണ പ്രകാരം ജൂൺ 15 -ന് പദ്ധതി തുടങ്ങേണ്ടതായിരുന്നു. മെയിൽ ഇറങ്ങിയ സർക്കാർ ഉത്തരവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചിലമാറ്റങ്ങൾ വരുത്തുകയും ചെയ്തു. കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക കൈമാറുന്നതിൽ കോർപ്പറേഷൻ താത്പര്യമെടുക്കുന്നില്ല. ഇത്തരം നീക്കങ്ങളുണ്ടായപ്പോൾ പദ്ധതി അട്ടിമറിക്കപ്പെടുമോ എന്ന് ഞങ്ങൾ സംശയിച്ചു. അതിനെ തുടർന്നാണ് സത്യാഗ്രഹ സമരത്തിലേക്ക് നീങ്ങിയത്. എന്നാൽ ലാലൂർ സമരത്തെ സംബന്ധിച്ച് വളരെ നിർണ്ണായകമായിരുന്ന ഈ സമയത്ത് വേണ്ടത്ര പിന്തുണ സാമൂഹികപ്രസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായില്ല.

**ലാലൂർ നിവാസികളുടെ പിന്തുണ സമരസമിതിക്ക് കിട്ടിയിരുന്നോ?**

1988-ൽ ആദ്യമായി സമരം തുടങ്ങിയപ്പോൾ വലിയ ജനപിന്തുണയായിരുന്നു. എന്നാൽ സമരത്തിന്റെ ഭാഗമായി ഭരണകൂടം പലരേയും കേസിൽ കുടുക്കാൻ തുടങ്ങിയതോടെയാണ് പ്രത്യക്ഷ സമരത്തിലേക്കുള്ള ജനങ്ങളുടെ വരവ് കുറഞ്ഞത്. 1997ൽ വീണ്ടും സമരമാരംഭിച്ചപ്പോഴും ജനപിന്തുണയുണ്ടായിരുന്നു. എന്നാൽ അപ്പോഴേക്കും രാഷ്ട്രീയ പാർട്ടികൾ ഇടപെട്ട് ജനങ്ങളെ പിൻതിരിപ്പിക്കാൻ തുടങ്ങി. ഭരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾ നടത്തുന്ന പല കാര്യങ്ങൾക്കും രാഷ്ട്രീയപാർട്ടികൾ തടസ്സം നിൽക്കാൻ തുടങ്ങി. നേരിട്ട് ഭീഷണിപ്പെടുത്താൻപോലും ചില പാർട്ടികൾ ശ്രമിച്ചു. അങ്ങിനെയെല്ലാം ആളുകളുടെ വരവ് കുറഞ്ഞു. കക്ഷി രാഷ്ട്രീയത്തിന് അതീതമായി നിന്നവരാണ് പ്രത്യക്ഷ സമരത്തിൽ പിന്നീട് തുടർന്നത്. ലാലൂരിൽ പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് ബോധ്യമുണ്ടായിരുന്നതിനാൽ ധാർമ്മികമായ പിന്തുണ തദ്ദേശവാസികളുടെ ഭാഗത്ത് നിന്നും എപ്പോഴും ലഭിച്ചിരുന്നു.

**കേരളത്തിലെമ്പാടും ലാലൂരുകൾ ഉയർന്നുവരികയാണ്. അവർക്ക് പിന്തുണ?**

കേന്ദ്രീകൃതമായി മാലിന്യം സംസ്കരിച്ചുള്ള കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഇന്ന് ജനങ്ങൾ പ്രക്ഷോഭത്തിലാണ്. അവരുമായി ഞങ്ങൾ ബന്ധപ്പെടുന്നുണ്ട്. മാലിന്യപ്രശ്നം നേരിടുന്നവരുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ടാകും. കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ ഒരു പൊതുപ്രശ്നമായി അവതരിപ്പിക്കും.

*ഒളരി, പുല്ലഴി പി.ഒ, തൃശൂർ*

### ജനകീയ സമരപുസ്തകം

നീതിക്കും ജീവനും വേണ്ടി വിവിധ മേഖലകളിലും പ്രദേശങ്ങളിലും അനേക സമരങ്ങൾ നിരന്തരം നടക്കുന്നു. ഇവയെല്ലാം സമാഹരിച്ച് പുസ്തകമാക്കുന്നു.
നിങ്ങളുടെ സമരത്തെക്കുറിച്ച് വിവരങ്ങൾ കൈമാറുക.

**കേരളീയം, തൃശൂർ-21**

**books**
**magazines**
**periodicals**

Byword
**BOOKS**

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577